## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *381** 19.10.2016-ൽ മറുപടിയ്ക്ക്

### എ.ടി.എസ്.പി ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.വി. അൻവർ<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ.രാജു എബ്രഹാം | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | എ.ടി.എസ്.പി. ഭവന നിർമ്മാണ പദ്ധതിയിൽ അനുമതി ലഭിച്ചതും സ്പിൽ ഓവറായി തുടർന്നു വരുന്നതുമായ വീടുകളുടെ ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വാസയോഗ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് എ.ടി.എസ്.പി ഭവന നിർമ്മാണം നടപ്പിലാക്കി വരുന്നത്. ആയത് പ്രകാരം 2015-16 വർഷത്തിൽ സംസ്ഥാനത്തൊട്ടാകെ 9448 വീടുകൾ അനുവദിച്ചതിൽ 201 വീടുകൾ പണിപൂർത്തിയാക്കിയിട്ടുണ്ട്. 9247 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്ന വീടുകളുടെ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്ന മുറയ്ക്ക് തുടർ ഗഡുക്കൾ അനുവദിച്ചു വരുന്നുണ്ട്. ഒരു വീടിന് 3.5 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. |
| ബി) | ഇതിനായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | ബി) | എ.ടി.എസ്.പി പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷം 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുകയിൽ നിന്ന് |

| | | | |
|---|---|---|---|
| | | | എ.ടി.എസ്.പി ഭവന നിർമ്മാണത്തിന് ജില്ലാ ഓഫീസുകൾക്ക് 103 കോടി രൂപ അനുവദിച്ചു. |
| സി) | ഇങ്ങനെയുള്ള എത്ര വീടുകൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) | എ.ടി.എസ്.പി ഭവന നിർമ്മാണ പദ്ധതി പ്രകാരം ഇനിയും പൂർത്തിയാക്കാനുള്ള 9247 വീടുകളുടെ സ്റ്റേജ് സർട്ടിഫിക്കറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് അത്തരം മുഴുവൻ വീടുകൾക്കും തുടർ ഗഡുക്കൾ അനുവദിച്ച് നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ